2893/എച്ച്/2015/കെ.എസ്.എച്ച്.ഒ. 06..07..2017

# പരിപത്രം

വിഷയം:- കുടുംബശ്രീ എം.കെ.എസ്.പി. പദ്ധതിയുമായി ബന്ധപ്പെട്ട് എഫ്.എഫ്.സി.കൾക്ക് വിപണനത്തിനായി സ്ഥിരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് - സംബന്ധിച്ച്

എം.കെ.എസ്.പി. പദ്ധതിയുടെ ഭാഗമായി ഈ വരുന്ന ഓണത്തോടനുബന്ധിച്ച് ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സുകളിൽ ഓണചന്ത നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ ചന്തകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഒരു ബ്ലോക്കിലെ തിരഞ്ഞെടുക്കപ്പെട്ട 3 എഫ്.എഫ്.സി.കൾക്കായിരിക്കണം തുക അനുവദിച്ച് നൽകേണ്ടത്. തുക ചെലവാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള എഫ്.എഫ്.സികളുടെ ലിസ്റ്റ് ജില്ലാമിഷൻ സംസ്ഥാനമിഷന് സമർപ്പിക്കേണ്ടതാണ്.

2. എഫ്.എഫ്.സി.കളെ തിരഞ്ഞെടുക്കുമ്പോൾ ജെ.എൽ.ജി.കളുടെ എണ്ണം എഫ്.എഫ്.സികളുടെ പ്രവർത്തനം എന്നീവ വിലയിരുത്തേണ്ടതാണ്.

3. മാസചന്തകൾ നടന്നു വരുന്ന സിഡിഎസ്/എഫ്എഫ്സികൾക്ക് മുൻഗണന നൽകേണ്ടതാണ്.

4. അടിസ്ഥാന സൗകര്യങ്ങൾക്കായി അനുവദിക്കുന്ന തുക, ഷാമിയാന, ത്രാസ്, കൊട്ടകൾ, ബില്ലിംഗ് മെഷീൻ തുടങ്ങി വിപണിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുവാൻ മാത്രമേ ടി തുക ചെലവഴിക്കാവൂ.

5. വാങ്ങുന്ന ഉപകരണങ്ങളുടെ പട്ടിക എഫ്.എഫ്.സി. അംഗീകാരത്തോടുകൂടി സിഡിഎസ് ജില്ലാമിഷന് സമർപ്പിക്കണം

6. സ്റ്റോക്ക് പർച്ചേസ് റൂളിൽ ഉൾപ്പെടുത്തിയാവണം ഉപകരണങ്ങൾ വാങ്ങേണ്ടത്.

7. ജില്ലാമിഷനിൽ ഉപകരണങ്ങളുടെ ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് എഫ്.എഫ്.സി. കൾക്ക് തുക അനുവദിച്ച് നൽകാവുന്നതാണ്.

8. ഉപകരണങ്ങളുടെ ഉത്തരവാദിത്വം എഫ്.എഫ്.സി. കൾക്കായിരിക്കും

9. ഉപകരണങ്ങൾ എഫ്.എഫ്.സി. കൾക്ക് വാടകയ്ക്ക് നൽകാവുന്നതാണ് വാടക എഫ്.എഫ്.സി.കൾക്ക് മീറ്റിംഗ് കൂടി തീരുമാനിക്കാവുന്നതാണ്

10. ഉപകരണങ്ങളുടെ നവീകരണത്തിനുള്ള തുക വാടക ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും ചിലവഴിക്കാവുന്നതാണ്.

**ഡയറക്ടർ (എ&എഫ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

**പകർപ്പ്**

സ്റ്റോക്ക് ഫയൽ